# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1918

16.02.2016-ൽ മറുപടിക്ക്.

## സൈബർ ഡോം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സൈബർ ഡോം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | : (എ) നടപ്പാക്കിയിട്ടുണ്ട് |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | : (ബി) കേരള പോലീസിന് സൈബർ കുറ്റകൃത്യങ്ങൾ ഫലപ്രദമായി കണ്ടുപിടിക്കുന്നതിനും തടയുന്നതിനും നിയന്ത്രിക്കുന്നതിനും സൈബർ സാമർത്ഥ്യം വർദ്ധിപ്പിക്കുന്നതിനും വേണ്ടി പബ്ളിക്- പ്രൈവറ്റ് പാർട്ട്നർഷിപ്പ് മോഡലിൽ കേരള പോലീസ് ആരംഭിക്കുന്ന ടെക്നോളജി & ഡെവലപ്പ്മെന്റ് സെന്റർ ആണ് സൈബർ ഡോം. ഇത് സൈബർ സുരക്ഷയ്ക്കും ഗവേഷണത്തിനും, നവീകരണത്തിനുമായുള്ള രാജ്യത്തെ പ്രഥമവും നൂതനവുമായ കേന്ദ്രമായിരിക്കും.<br>പോലീസിലെ സൈബർ കുറ്റാന്വേഷണത്തിലും, സൈബർ സുരക്ഷയിലും സഹായിക്കുന്ന സൈബർ വിദഗ്ധരുടെയും, സാങ്കേതിക വിദഗ്ധരുടേയും, എത്തിക്കൽ ഹാക്കർമാരുടെയും ഒരു ഓൺലൈൻ ഓഫീസായിരിക്കും 'സൈബർ ഡോം'. ഇന്റർനെറ്റ് നിരീക്ഷിക്കുന്നതിനു മാത്രമായി ഒരു യൂണിറ്റ് ടി കേന്ദ്രത്തിൽ ഉണ്ടാകും. ഭീകര വിരുദ്ധ പ്രവർത്തനങ്ങൾക്ക് പ്രഥമ പരിഗണന നൽകി പ്രസ്തുത സംഘം ഇന്റർനെറ്റ് നിരീക്ഷിക്കും. വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന സൈബർ സെല്ലിന് കുറ്റാന്വേഷണത്തിനും മറ്റും വിദഗ്ധ ഉപദേശവും പരിഹാരവും നൽകുന്ന പ്രത്യേക ഏജൻസിയായി ടി കേന്ദ്രം പ്രവർത്തിക്കും. വിവിധ ജില്ലകളിലെ സൈബർ പോലീസ് സ്റ്റേഷനും സൈബർ സെല്ലുമായി ചേർന്ന് ഇത് പ്രവർത്തിക്കും. |
| (സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | : (സി) സൈബർ ഡോം പ്രവർത്തനം ആരംഭിയ്ക്കുന്നതിന് 22.08.2014 ലെ സ.ഉ (എം.എസ്) 167/2014/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ ഫണ്ട് അനുവദിയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ